ഉണ്ടാവാൻ സാധ്യതയുണ്ട്. ഈ ഭീഷണി പരിഹരിക്കുന്നതിനു ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ സ്ഥിരമായി ഭക്ഷ്യശേഖരങ്ങൾ ഉണ്ടാക്കുകയും ചുരുങ്ങിയ വിലയ്ക്ക് ആവശ്യക്കാർക്കു ഭക്ഷണം ലഭ്യമാക്കുകയും വേണം എന്നതും ദരിദ്രരാജ്യങ്ങളുടെ മറ്റൊരാവശ്യം ആയിരുന്നു.

ആവശ്യങ്ങൾ അവതരിപ്പിക്കപ്പെട്ടതല്ലാതെ അവ നേടിയെടുക്കുന്നതിനു കാര്യമായ യാതൊരു സംവിധാനവും കാൻകുനിൽ ഉരുത്തിരിഞ്ഞില്ല. ഐക്യരാഷ്ട്രസമിതിയിലൂടെ ഈ പ്രശ്നങ്ങൾ പിന്നെ എപ്പോഴെങ്കിലും ഉന്നയിക്കാമെന്ന വളരെ അവ്യക്തമായ ഒരു പൊതു സമ്മതമേ ഉണ്ടായിട്ടുള്ളു.

കാൻകുനിൽവെച്ച് രാഷ്ട്രത്തലവന്മാർക്കു പരസ്പരം കാണാനും താല്പര്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യാനും കഴിഞ്ഞു. ഇന്ദിരാഗാന്ധി അമേരിക്കൻ പ്രസിഡണ്ടിനെയും ചൈനീസ് പ്രധാനമന്ത്രിയേയും കണ്ടു. ഇത്തരം വ്യക്തിസമ്പർക്കങ്ങൾ വേറെയും നടന്നിരിക്കാം.

മധ്യാമേരിക്കയിലെ ഒരു പ്രാചീന ജനതയായിരുന്നു മയന്മാർ. പാശ്ചാത്യർ അമേരിക്ക കണ്ടുപിടിക്കുന്നതിനു വളരെ മുമ്പുതന്നെ മയന്മാരുടെ സംസ്കാരം തീരെ നശിച്ചുപോയി. എങ്കിലും ഈ സംസ്കാരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ കാൻകുൻ നഗരത്തിന്റെ അടുത്തുണ്ട്. സമ്മേളനത്തിൽ പങ്കെടുത്ത ലോകനേതാക്കൾ ഈ നഷ്ടാവശിഷ്ടങ്ങൾ പോയി കണ്ടു. മനുഷ്യന്റെ ആശകളുടെയും അഹങ്കാരങ്ങളുടെയും അസ്ഥിരതയെപ്പറ്റിയുള്ള ബോധം ഉൾക്കൊള്ളാൻ മയന്മാരുടെ പ്രാചീനനാഗരികതയുമായുള്ള 'മുഖാമുഖം' അവരെ സഹായിച്ചിരിക്കണം.

അങ്ങനെ കാൻകുൻ സമ്മേളനം വിജയിച്ചില്ല. പക്ഷേ, നമ്മുടെ കാലഘട്ടത്തിലെ മുഖ്യമായ മനുഷ്യപ്രശ്നത്തിൽ ഒരിക്കൽക്കൂടി ലോകശ്രദ്ധ ഫോക്കസ് ചെയ്യാൻ ഈ സമ്മേളനം ഉപകരിച്ചിട്ടുണ്ട്. ഫ്രഞ്ച് പ്രസിഡണ്ട് ഫ്രാൻസ്വാ മിത്തർറാങ് പ്രസ്താവിച്ചപോലെ, മനുഷ്യവർഗത്തിലെ പത്തിൽ ഒൻപതു ഭാഗത്തെ ദാരിദ്ര്യത്തിൽ വിട്ട് പത്തിൽ ഒരു ഭാഗം അമിതമായ സമ്പത്തിന്റെ സുഖം അനുഭവിക്കുകയെന്നതു് ഇനി ഏറെക്കാലം നടപ്പുള്ള കാര്യമല്ല. മനുഷ്യചരിത്രം ഒരു വഴിത്തിരിവിൽ എത്തിനില്ക്കുകയാണ് ഇപ്പോൾ. ദരിദ്ര–ധനിക രാജ്യങ്ങൾ ഒന്നിച്ചിരുന്നു ലോകവ്യാപകങ്ങളായ ചർച്ചകൾ നടത്തി 'സമൃദ്ധിമധ്യത്തിലെ ദാരിദ്ര്യം ..' അതോ ദാരിദ്ര്യമദ്ധ്യത്തിലെ സമൃദ്ധിയോ?— എന്ന പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ എല്ലാ രാജ്യങ്ങളും ഈ നിലപാട് എടുക്കേണ്ടിവരും— റേയ്ഗന്റെ അമേരിക്കയും ബ്രെഷ്നേവിന്റെ റഷ്യയും അടക്കം എല്ലാ രാജ്യങ്ങളും.

28 ഒക്ടോബർ, 1981

## 22. മധ്യ-അമേരിക്ക

അമേരിക്കയുടെ ഭൂപടം എടുത്തു നോക്കുക. സമ്പദ്സമൃദ്ധിയുടെ പാരമ്യത്തിലെത്തിനില്ക്കുന്ന കാനഡയും യുണൈറ്റഡ് സ്റ്റേറ്റ്സുമാണു വടക്ക്. യുണൈറ്റഡ് സ്റ്റേറ്റ്സിനു താഴെ, താരതമ്യേന ദരിദ്രമായ മെക്സിക്കോ സ്ഥിതി ചെയ്യുന്നു. ധാരാളം എണ്ണ കുഴിച്ചെടുക്കാനുണ്ടെന്നതൊഴിച്ചാൽ, മെക്സിക്കോയുടെ സാമ്പത്തികനിലവാരം ഇന്ത്യയുടേതിനേക്കാൾ മെച്ച[illegible]. മെക്സിക്കോക്കു തെക്ക് മധ്യാമേരിക്ക ശോഷിച്ച ഒരു കൈപോലെ നീണ്ട് തെക്കേ അമേരിക്കൻ ഭൂഖണ്ഡത്തെ എത്തിപ്പിടിക്കുന്നു. മെക്സിക്കോവിന്റെ തെക്കേ അതിർത്തിയിലാണ് വാഴക്കൃഷിക്കു പേർകേട്ട

ഗ്വാത്തെമാല. ഇതിന്റെ ഒരു അററം 'ബെലീസ്' എന്ന ഈയിടെ സ്വാതന്ത്ര്യം നേടിയ, ഒരു ചെറു രാജ്യമാണ്. ഗ്വാത്തെമാലയുടെ കിഴക്കായി എത്സാൽവഡോർ, ഹോണ്ടുറാസ് എന്നീ രാജ്യങ്ങൾ കിടക്കുന്നു. ഇവയ്ക്കും കിഴക്കാണ് നിക്കരാഗ്വ. നിക്കരാഗ്വയ്ക്കപ്പുറം കോസ്റ്ററിക്ക, പനാമ എന്നീ രാജ്യങ്ങളാണ്.

അത്‌ലാന്തിക് സമുദ്രത്തെ ശാന്തസമുദ്രവുമായി യോജിപ്പിക്കുന്ന തോട് പനാമയിലാണ്. ഈ തോട് ഇപ്പോൾ യുണൈററഡ് സ്റ്റേററ്സിന്റെ നിയന്ത്രണത്തിലാണെങ്കിലും, ഏറെ താമസിയാതെ പനാമ സ്റ്റേററിന്റെ ആധിപത്യത്തിലേക്കു കൈമാറപ്പെടും. അമേരിക്കൻ കപ്പൽപ്പടയ്ക്കു് അത്‌ലാന്തിക്കിൽനിന്നു ശാന്തസമുദ്രത്തിലേക്കും, തിരിച്ചും പോകാനുള്ള മാർഗം പനാമ തോടാണ്. അതിനാൽ പനാമയും, അടുത്തുള്ള പ്രദേശങ്ങളും തങ്ങളുടെ സൈനികനിയന്ത്രണത്തിലായിരിക്കണമെന്ന് യുണൈററഡ് സ്റ്റേററ്സ് ആഗ്രഹിക്കുന്നതു സ്വാഭാവികം മാത്രം. തൊട്ട് അയൽപക്കമായ മെക്സിക്കോവിലെ എണ്ണയിലും യുണൈററഡ് സ്റ്റേററ്സിനു കണ്ണുണ്ട്. ക്യൂബയിൽ സംഭവിച്ചതുപോലെ, ഈ പ്രദേശങ്ങളിൽ റഷ്യയുടെ സ്വാധീനം പരക്കാതിരിക്കണമെന്നും അമേരിക്ക ആഗ്രഹിക്കുന്നു.

കൊളംബസ്സിനെ തുടർന്നുവന്ന സ്പെയിൻകാരും പോർത്തുഗീസ്സുകാരും ജനനിബിഡമായ മധ്യാമേരിക്കയും തെക്കേ അമേരിക്കയും കൈയടക്കി. താരതമ്യേന ജനങ്ങൾ കുറവായ യുണൈററഡ് സ്റ്റേററ്സിലും കാനഡയിലും കുടിയേറിപ്പാർത്തതു് ബ്രിട്ടൻ, ഫ്രാൻസ്, പോളണ്ട് മുതലായ രാജ്യങ്ങളിലെ പാവങ്ങളും ഇടത്തരക്കാരുമായിരുന്നു. ഇവർ സ്വന്തം അദ്ധ്വാനംകൊണ്ടും, ആഫ്രിക്കൻ അടിമകളുടെ അദ്ധ്വാനംകൊണ്ടും ഈ രാജ്യങ്ങളിൽ ഇന്നു കാണുന്ന സമൃദ്ധിക്ക് അസ്തിവാരമിട്ടു. എന്നാൽ, സ്പെയിൻകാരും പോർത്തുഗീസ്സുകാരും അമേരിക്കയിൽ വന്നതു് അദ്ധ്വാനിക്കാനല്ല; അദ്ധ്വാനിക്കാതെ പണം ഉണ്ടാക്കാനായിരുന്നു. ആദ്യമാദ്യം അവർക്കു താല്പര്യം അവിടെ തിങ്ങിപ്പാർക്കുന്ന 'ഇന്ത്യൻ' ആദിവാസികളുടെ പൊന്നും വെള്ളിയും കൊള്ളയടിക്കുന്നതിൽ മാത്രമായിരുന്നു. ഈ ലോഹങ്ങൾ അവസാനിച്ചപ്പോൾ അവർ നാട്ടുകാരെ നിർബന്ധിച്ചു ഖനികളിൽ പണിയെടുപ്പിച്ചു പണം നേടി. സ്വയം ജന്മിമാരായിച്ചമഞ്ഞു്, നാട്ടുകാരുടെ ഭൂമി കൈയടക്കി. നാട്ടുകാരെ വൻതോതിൽ കൊന്നൊടുക്കി. അവരുടെ സംസ്കാരവും ഭാഷകളും അടിച്ചമർത്തി.

വളരെ പാടുപെട്ട് രാഷ്ട്രീയസ്വാതന്ത്ര്യം നേടിയെങ്കിലും, ഈ രാജ്യങ്ങൾ ഇപ്പോൾ സാമ്പത്തികമായും സാമൂഹ്യമായും രാഷ്ട്രീയമായും ലോകത്തിൽ ഏററവും പിൻതള്ളപ്പെട്ടുകിടക്കുന്ന രാജ്യങ്ങളുടെ ചേരിയിലാണ്.

'അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളിൽ 81 ശതമാനവും പോഷകാഹാരക്കുറവുകൊണ്ടു കഷ്ടപ്പെടുന്നു. തലസ്ഥാനനഗരത്തിൽ പാർക്കുന്ന ജനങ്ങളിൽ 76 ശതമാനത്തിനും കുഴൽവെള്ളം കിട്ടുന്നില്ല. ഗ്രാമങ്ങളിലാകട്ടെ, കുഴൽവെള്ളം ഇല്ലതന്നെ. ഒരു ലക്ഷം നാട്ടുകാർക്ക് ഒരൊററ ഡോക്ടറേ ഉള്ളു. 80 ശതമാനം ജനങ്ങളും നിരക്ഷരരാണ്. പലർക്കും പാർപ്പിടങ്ങളില്ല. ഗ്രാമങ്ങളിൽ 90 ശതമാനം വീടുകളിലും തറ വെറും മണ്ണാണ്. 1975-നു ശേഷം സാധനവില 300 ശതമാനം വർദ്ധിച്ചിരിക്കുന്നു.'

ഗ്വാത്തെമാലയിലെ സ്ഥിതിയാണു മുകളിൽ പ്രസ്താവിച്ചതെങ്കിലും, മധ്യാമേരിക്കയിലെ മിക്ക രാജ്യങ്ങൾക്കും ഇതു ബാധകമാണ്.

പല മധ്യ-അമേരിക്കൻ രാജ്യങ്ങളിലും പട്ടാളഭരണമോ, പട്ടാളത്തിന്റെ നേതൃത്വത്തിലുള്ള വൻകിട ജന്മിമാരുടെയും മുതലാളിമാരുടെയും ഭരണമോ ആണ് നിലവിലുള്ളതു്.

ഗ്വാത്തെമാലയിൽ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന പരി

സ്വേച്ഛാധിപതിയായ അർബൻസിന്റെ സർക്കാരിനെ യുണൈറ്റഡ് സ്റ്റേറ്റ്സിലെ രഹസ്യപ്പോലീസിന്റെ സഹായത്തോടെ പട്ടാളം 1954-ൽ അട്ടിമറിച്ചു. അതിനു ശേഷം ഇന്നോളം അവിടെ പട്ടാളവാഴ്ചയാണ്. ഇതിനിടയ്ക്ക് 83,500 ജനങ്ങൾ നിഷ്ഠുരണം പട്ടാളക്കാരാൽ വധിക്കപ്പെട്ടു. 1981-ൽതന്നെ പട്ടാളഭരണകൂടം 13,500 രാഷ്ട്രീയ എതിരാളികളെ കൊന്നൊടുക്കുകയുണ്ടായി. ഈ കൊലയാളിഭരണകൂടത്തിനെതിരെ, പല രാഷ്ട്രീയ സംഘടനകളുടെ ഒരു കൂട്ടമുന്നണിയും, ആ മുന്നണിയുടെ നേതൃത്വത്തിൽ ഒരു ഗറില്ലാസൈന്യവും രൂപംകൊണ്ടിട്ടുണ്ട്. ഗ്വാത്തെമാലയുടെ വടക്കും തെക്കുമായി രണ്ടു വലിയ പ്രദേശങ്ങളിൽ ഈ ഒളിപ്പടയാളികൾ പ്രവർത്തിച്ചുവരുന്നു. അഞ്ചു ലക്ഷ്യങ്ങൾ മുൻനിറുത്തിയാണ് തങ്ങളുടെ സമരമെന്ന് ഒളിപ്പടയാളികൾ പറയുന്നു:

1. സർക്കാരിന്റെ ജനസംഹാരം അവസാനിപ്പിക്കുക; ജനങ്ങൾക്കു ജീവരക്ഷയും സമാധാനവും നൽകുക:

2. അകത്തും പുറത്തുമുള്ള ധനികരുടെ വാഴ്ച അവസാനിപ്പിക്കുക; ബഹുഭൂരിപക്ഷത്തിന്റെ അടിസ്ഥാന സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുക.

3. ആദിവാസികളായ ഇന്ത്യക്കാർക്കെതിരായ വിവേചനം അവസാനിപ്പിക്കുക; എല്ലാ പൗരന്മാർക്കും സമത്വം ഉറപ്പുവരുത്തുക:

4. ദേശാഭിമാനവും പൊതുജനപ്രീതിയും ജനാധിപത്യവിശ്വാസമുള്ളവരുടേതായ ഒരു സർക്കാരും ഒരു സമൂഹവും സ്ഥാപിക്കുക:

5. ദരിദ്ര രാജ്യങ്ങളുടെ വികസനത്തിനായി, ചേരിചേരായ്മ, അന്താരാഷ്ട്രീയ സഹകരണം, ജനതകളുടെ സ്വയംനിർണയാവകാശം എന്നിവയിലൂന്നുന്ന വിദേശനയം നടപ്പിലാക്കുക.

ഗ്വാത്തെമാലയിലെ പട്ടാളഭരണത്തിന് പ്രസിഡണ്ട് കാർട്ടറെ പുച്ഛമായിരുന്നു. റേയ്ഗനിലായിരുന്നു അവരുടെ ആശയത്രയും. എന്നാൽ, റേയ്ഗൻ തങ്ങളെ വേണ്ടത്ര സഹായിക്കുന്നില്ലെന്ന് പട്ടാള ഭരണത്തലവനായ റോമിയോ ലൂക്കാസ് ഗാർസിയയ്ക്ക് ഇപ്പോൾ പരാതിയുണ്ട്. ബ്രസീലിൽനിന്നും ഫ്രാൻസിൽനിന്നും യൂഗോസ്ലാവിയയിൽനിന്നും റുമാനിയയിൽനിന്നും തെക്കേ കൊറിയയിൽ നിന്നും—കിട്ടാവുന്നിടത്തുനിന്നൊക്കെ—അവർ ആയുധം വാങ്ങിക്കൂട്ടിയിട്ടുണ്ട്. ഇസ്രായേൽക്കാരുടെ കീഴിൽ ഗ്വാത്തെമാലയുടെ പട്ടാളം ശിക്ഷണം നേടുന്നുമുണ്ട്. ഗ്വാത്തെമാലയ്ക്ക് അമേരിക്കയിൽനിന്നു ആയുധം കയററി അയയ്ക്കുന്നതിലുണ്ടായിരുന്ന, കാർട്ടർ നടപ്പാക്കിയ തടസ്സം ഇപ്പോൾ റേയ്ഗൻ നീക്കിയിരിക്കുന്നു.

ക്രൂരമായ ഈ പട്ടാളഭരണത്തിനെതിരെ പൊരുതുന്നതു് അയ്യായിരത്തോളം ഒളിഭടരാണ്. മാർക്സിസം ലെനിനിസമാണവരുടെ തത്ത്വശാസ്ത്രം. വിയററ്നാംകാർ അമേരിക്കക്കാരിൽനിന്നു പിടിച്ചെടുത്ത ആയുധങ്ങളും റഷ്യൻ-ചൈനീസ് ആയുധങ്ങളുമാണ് ഇവരുടെ കൈയിൽ. 1981-ൽ ഇവർ 383 പ്രാവശ്യം സർക്കാരിന്റെ പട്ടാളവുമായി ഏററുമുട്ടി.

ഗ്വാത്തെമാലയോടു തൊട്ട് ശാന്തസമുദ്രതീരത്തു കിടക്കുന്ന എൽസാൽവഡോറിൽ പട്ടാളഭരണവും ഒളിഭടന്മാരും തമ്മിൽ ഏറ്റുമുട്ടുന്ന തുറന്ന സമരം നടന്നുകൊണ്ടിരിക്കയാണ്. രാജ്യത്തിന്റെ മൂന്നിലൊരു ഭാഗം [illegible]വും ഒളിഭടന്മാരുടെ കൈയിലായിരിക്കുന്നു. അമ്പതു കൊല്ലം മുമ്പു മരിച്ച ആഗസ്റ്റിൻ ഫറബുണ്ടോ മാർട്ടി ആണ് ഒളിഭടന്മാരുടെ പ്രചോദനകേന്ദ്രം. 1893-ൽ എൽസാൽവഡോറിൽ പിറന്ന മാർട്ടി 1926-ൽ ഗ്വാത്തെമാലയിൽ സെൻട്രൽ അമേരിക്കൻ കമ്യൂണിസ്റ്റുപാർട്ടി സ്ഥാപിച്ചവരിൽ ഒരാളാണ്. നിക്കരാഗ്വക്കാരുടെ പ്രചോദനകേന്ദ്രമായ ജന[illegible] സാൻഡിനോവിന്റെ സെക്രട്ടറിയായും മാർട്ടി പ്രവർത്തിച്ചിട്ടുണ്ട്.

1932 ൽ എത്സാൽവഡോറിലെ പട്ടാളഭരണകൂടം മാർട്ടിയെ പിടിച്ചു വെടിവെച്ചു കൊന്നു. പക്ഷേ, ഇതുകൊണ്ട് എത്സാൽവഡോറിലെ അസ്വസ്ഥതകൾ ശമിച്ചില്ല. 'ഫറബുണ്ടോ മാർട്ടി നാഷണൽ ലിബറേഷൻ ഫ്രണ്ട്' എന്ന സംഘടനയുടെ നേതൃത്വത്തിൽ ഒത്തുചേർന്ന ഒളിഭടന്മാർ ഇതിനിടെ ഗവണ്മെൻറിനെതിരെ ഗണ്യമായ വിജയങ്ങൾ നേടിക്കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ, മാർച്ച് 28 ാം തീയതി, എത്സാൽവഡോറിൽ ഒരു പൊതുതിരഞ്ഞെടുപ്പു പ്രഖ്യാപിച്ചിരിക്കുകയാണ് ഇടതുപക്ഷപാർട്ടികളെല്ലാം ഈ തിരഞ്ഞെടുപ്പു ബഹിഷ്കരിച്ചിട്ടുണ്ട്. ഔദ്യോഗികസ്ഥാനാർത്ഥികളെ എതിർക്കുന്നവരുടെ ജീവനു രക്ഷയില്ലെന്ന കാരണത്താൽ, ജനാധിപത്യവാദികളായ ഇടനിലക്കാർകൂടിയും തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നില്ല ഈ ഇടനിലക്കാരുടെ നേതാവും എത്സാൽവഡോറിലെ ഡെമോക്രാററിക് ഫ്രണ്ടിൻെറ അദ്ധ്യക്ഷനും ആയ ഡോ. ഗില്ലെർമോ ഉൻഗോ ഈയിടെ അമേരിക്കൻ ടെലിവിഷനിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. മെക്സിക്കോവിൽ അഭയാർത്ഥിയായി പാർക്കുന്ന ഡോ. ഉൻഗോ, എത്സാൽവഡോറിലെ പട്ടാളഭരണത്തിൻെറ ക്രൂരകൃത്യങ്ങൾ അമേരിക്കക്കാരെ വ്യക്തമായി ബോദ്ധ്യപ്പെടുത്തുന്നതിൽ വിജയിച്ചിട്ടുണ്ട്. കത്തോലിക്കാസഭ മധ്യാമേരിക്കയിൽ പൊതുവെ പുരോഗതിക്കുവേണ്ടി വാദിക്കുന്നു അതിനാൽ എത്സാൽവഡോറിലെ പട്ടാളഭരണം പല അച്ചന്മാരെയും കന്യാസ്ത്രീകളെയും ഒരു ആർച്ചുബിഷപ്പിനെയും പിടിച്ചു് കൊല്ലുകയുണ്ടായി ഇതു നിമിത്തം മാർപ്പാപ്പയും, എത്സാൽവഡോറിലെ പട്ടാളഭരണത്തെ തുറന്നല്ലെങ്കിലും എതിർക്കുന്നുണ്ട്. ഇങ്ങനെയൊക്കെയായിട്ടും, കമ്മ്യൂണിസത്തിനെതിരായ ഒരു ശക്തിദുർഗമെന്ന നിലയിൽ ഈ പട്ടാളഭരണത്തിനു് ഇപ്പോൾ പ്രസിഡണ്ട് റേയ്ഗൻ വലിയതോതിൽ ആയുധ സഹായവും സാമ്പത്തിക സഹായവും പ്രഖ്യാപിച്ചിട്ടുണ്ട്. എട്ടു കോടി പത്തു ലക്ഷം ഡോളർ വിലയുള്ള ആയുധങ്ങളും, പത്തു കോടി നാല്പത്തിയഞ്ചു ലക്ഷം ഡോളറിൻെറ സാമ്പത്തികസഹായവും നല്കുന്നതിനു പുറമേ, എൽസാവഡോറിലെ പട്ടാളക്കാർക്കു് യുണൈററഡ് സ്റ്റേററ്സിൽ പരിശീലനം കൊടുക്കുന്നുമുണ്ട്. പട്ടാളോപദേഷ്ടാക്കളെന്ന നിലയിൽ, ആയുധമെടുത്തു പൊരുതുന്ന ഏതാനും അമേരിക്കക്കാരും എൽസാൽവഡോറിലുണ്ട്. റേയ്ഗൻ അമേരിക്കൻ പട്ടാളത്തെ പരസ്യമായിത്തന്നെ എൽസാൽവഡോറിൽ ഇറക്കുമെന്നും, മദ്ധ്യാമേരിക്കയിലാകെ വമ്പിച്ച കലാപങ്ങൾ പൊട്ടിപ്പുറപ്പെടുകയാവും ഇതിൻെറ ഫലമെന്നും, അങ്ങനെ എൽസാൽവഡോർ യുണൈററഡ് സ്റ്റേററ്സിനെ സംബന്ധിച്ചിടത്തോളം മധ്യാമേരിക്കയിലെ മറെറാരു വിയററ്നാം ആയിത്തീരുമെന്നുമാണ് അമേരിക്കയിൽ പരക്കെ ആശങ്കിക്കപ്പെടുന്നതു്. എൽസാൽവഡോറിലെ പട്ടാളഭരണത്തിനു് ആയുധസഹായവും പട്ടാളസഹായവും നല്കുന്നതു നിമിത്തം അമേരിക്കയിൽ റേയ്ഗൻെറ പൊതുജനസമ്മതി ആപല്ക്കരമാംവിധം കുറഞ്ഞിട്ടുണ്ടത്രേ.

എൽസാൽവഡോറിൻെറ കിഴക്കു കിടക്കുന്ന നിക്കരാഗ്വയിൽ ഇപ്പോഴുള്ളതു് 1979-ൽ അധികാരത്തിൽ വന്ന ഒരു വിപ്ലവ ഗവണ്മെൻറാണ്. 1928-ൽ നിക്കരാഗ്വ കൈയടക്കിയ അമേരിക്കൻ പട്ടാളത്തിനെതിരെ പൊരുതി, 48 വർഷം മുമ്പ് വീരമൃത്യു വരിച്ച ജനറൽ ഔഗസ്റ്റോ സീസർ, സാൻഡിനോവിൽനിന്നു് പ്രചോദനം ഉൾക്കൊണ്ട് 1961-ൽ സംഘടിപ്പിക്കപ്പെട്ട 'സാൻഡിനിസ്റ്റ മുന്നണി' ആണ് ഈ ഗവണ്മെൻറിനെ നയിക്കുന്നതു്. വിപ്ലവത്തിനു ശേഷം നിക്കരാഗ്വയിൽ ദ്രുതമായ പുരോഗതി എല്ലാ രംഗങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ജന്മിമാരിൽനിന്നു പിടിച്ചെടുത്ത ഭൂമി കർഷകർക്കു വിതരണം ചെയ്യലാണ് സർക്കാരിൻെറ ഒരു പ്രധാന പരിപാടി. ഇതിനെത്തുടർന്നു് കർഷകരുടെ

സഹകരണ സംഘങ്ങൾ രൂപവല്ക്കരിക്കുന്നു. വിദ്യുച്ഛക്തി ഗ്രാമങ്ങളിലെത്തുന്നു. ആസ്പത്രികളും സ്കൂളുകളും നിർമിക്കപ്പെടുന്നു. അദ്ധ്യാപകരായി ഒരു ലക്ഷം യുവാക്കളെ, സംഘടിപ്പിച്ചു നടത്തിയ സാക്ഷരതാപ്രസ്ഥാനത്തിൻഫലമായി നിരക്ഷരരുടെ ശതമാനം 53-ൽ നിന്നു് 12 ആയി കുറഞ്ഞു. ഒരു പട്ടാളപ്രവർത്തനംപോലെ അത്രമാത്രം സംഘടിതമായും ആത്മാർപ്പണത്തോടെയുമാണത്രേ ഈ സാംസ്കാരികപ്രസ്ഥാനം സംഘടിപ്പിച്ചതു്. വലിയ തോതിൽ ഫാക്ടറികളും ഉല്പാദനകേന്ദ്രങ്ങളും നിർമിക്കപ്പെട്ടുവരുന്നു. തൊഴിലാളികളുടെ കൂലി വർദ്ധിപ്പിച്ചിട്ടുണ്ടു്. കൊച്ചുഗ്രാമങ്ങളിൽപ്പോലും ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കപ്പെടുന്നു. ഫിലിമുകൾ, പുസ്തകങ്ങൾ എന്നിവ നിർമിക്കപ്പെടുന്നു. രാജ്യത്തു് ഒരു പുതിയ ഉണർവു്, നവീകരണത്തിന്റെ ഒരു പുതിയ വേലിയേറ്റം, അനുഭവപ്പെടുന്നു. അതോടൊപ്പം പോരാടി നേടിയ സ്വാതന്ത്ര്യവും ജനാധിപത്യ മൂല്യങ്ങളും സംരക്ഷിക്കുന്നതിലുള്ള ദൃഢനിശ്ചയം ജനങ്ങളിൽ വേരൂന്നിയിട്ടുമുണ്ടു്.

ക്യൂബപോലെ അമേരിക്കയുടെ കണ്ണിലെ കരടാണു് നിക്കറാഗ്വ. റഷ്യയുടെ സാമ്പത്തികസഹായവും ആയുധസഹായവും നിക്കറാഗ്വയിലൂടെയാണത്രേ എൽസാൽവഡോറിലും ഗ്വാത്തെമാലയിലുമുള്ള ഒളിഭടർക്കു കിട്ടുന്നതു്. അതിനാൽ, എന്തു കടുംകൈ ചെയ്തും നിക്കറാഗ്വയിലെ സാൻഡിനിസ്റ്റ ഗവണ്മെൻറിനെ അട്ടിമറിക്കാൻ റേയ്ഗൻ ഗവണ്മെൻറിനു് ആഗ്രഹമുണ്ടു്.

ഈ പ്രദേശത്തു് അമേരിക്ക കൈ കടത്തുന്നതു് അതിഭീമമായ ഒരു അബദ്ധമായിരിക്കുമെന്നു് മെക്സിക്കോയുടെ പ്രസിഡണ്ടു് പോർട്ടില്ലോ പ്രസ്താവിച്ചിട്ടുണ്ടു്.

മദ്ധ്യാമേരിക്കയിൽ, പ്രത്യേകിച്ചു് ഗ്വാത്തെമാലയിലും എൽസാൽവഡോറിലും നിക്കറാഗ്വയിലും, അമേരിക്ക സൈനികമായി ഇടപെടുന്നതിനു് എതിരായുള്ള ഒരു പ്രസ്ഥാനം യുനൈറ്റഡ് സ്റ്റേറ്റ്സിലെ സർവകലാശാലകളിലും പള്ളികളിലും തെരുവുകളിലും, നിയമസഭക്കകത്തുപോലും, രൂപം പ്രാപിച്ചുവരികയാണു്. നിക്കറാഗ്വയിലെ പുരോഗമന സർക്കാരിനെ തകർക്കാനും, എൽസാൽവഡോറിലെയും ഗ്വാത്തെമാലയിലെയും പട്ടാളഭരണകൂടങ്ങളെ താങ്ങിനിറുത്താനും, ആവശ്യമായ എന്തും ചെയ്യുമെന്നു് റേയ്ഗൻ പ്രഖ്യാപിച്ചിട്ടുണ്ടു്. ഇടത്തും വലത്തുമുള്ള അതിവാദങ്ങളെ അവഗണിച്ചു്, ജനാധിപത്യസ്വഭാവമുള്ള നടുനില ഭരണകൂടങ്ങൾ നിലവിൽ വരുത്താൻ മിതവാദികളെ സഹായിക്കുകയാണു് അമേരിക്ക ചെയ്യേണ്ടതെന്നത്രേ 'ന്യൂയോർക്കു് ടൈംസ്' പോലെയുള്ള വലിയ അമേരിക്കൻ പത്രങ്ങളുടെ അഭിപ്രായം. പക്ഷേ, നടുനിലക്കാരെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന പട്ടാളഭരണകൂടങ്ങൾ ഇത്തരമൊരു പ്രശ്നപരിഹാരം അവിടെ അസാദ്ധ്യമാക്കിയിരിക്കുന്നു. കൃത്രിമമായി പല രാജ്യങ്ങളാക്കി തിരിച്ചിട്ടുണ്ടെങ്കിലും, മദ്ധ്യാമേരിക്ക ഒരൊററ രാജ്യമാണു്; അവിടുത്തെ പ്രശ്നവും ഒന്നാണു് — ജനങ്ങളുടെ ദാരിദ്ര്യം. ജനാധിപത്യ സ്വാതന്ത്ര്യത്തിനും, സാമൂഹ്യനീതിക്കും വേണ്ടി പോരാടുന്ന അവിടത്തെ ജനങ്ങളെ ദീർഘകാലം അടിച്ചമർത്താൻ ഒരു ഭരണകൂടത്തിനും, അതെത്ര ക്രൂരമായാലും, അതിനു് എത്രതന്നെ പിൻതുണ വെളിയിൽനിന്നു ലഭിച്ചാലും, സാധിക്കുകയില്ല. റേയ്ഗൻ ഗവണ്മെൻറിനെ നേരിടുന്ന ഏററവും വലിയ വെല്ലുവിളി ഉയരുന്നതു് പോളണ്ടിൽനിന്നോ അഫ്ഗാനിസ്ഥാനിൽനിന്നോ അല്ല, മദ്ധ്യാമേരിക്കയിലെ കൊച്ചുരാജ്യങ്ങളിൽനിന്നാണു്. അമേരിക്കൻ ജനാധിപത്യത്തിന്റെ ഏററവും പരുപരുത്ത [illegible] ഒരുപക്ഷേ, ഗ്വാത്തെമാലയും എൽസാൽവഡോറും നിക്കറാഗ്വയുമായേക്കാം.

5 മാർച്ച്, 1982